## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1587**

**01.11.2019 - ൽ**
**മറുപടിയ്ക്ക്**

### നേര്യമംഗലം കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം പദ്ധതി

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ | മറുപടി<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ ആരംഭിക്കുന്ന ഫാം ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | **എ)** കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിനായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ എൽ ഡി സി) തയ്യാറാക്കിയ 50 കോടി രൂപയുടെ ഫാം ടൂറിസം പദ്ധതി നിർദ്ദേശം 'കിഫ്ബി'-ക്ക് നല്കുന്ന കാര്യം പരിഗണനയിലാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി സംയോജിത കൃഷിയ്ക്കായി മോഡൽ കന്നുകാലിത്തൊഴുത്ത്, മഴമറ, പോളിഹൗസ്, ക്രോപ്പ് മ്യൂസിയം, ജലസേചന സൗകര്യം, ഉയർന്ന മൂല്യമുള്ള പഴവർഗ്ഗത്തോട്ടങ്ങൾ എന്നിവ നിർമ്മിക്കുന്നതിനായി 3.75 കോടി രൂപ ചിലവഴിക്കുന്നതിന് 31.08.2019-ൽ ജി.ഒ.(എം.എസ്)നം.112/2019/കൃഷി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ നിർവ്വഹണം ആരംഭ ദശയിലാണ്. |
| **ബി)** ഫാം ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | **ബി)** ഫാമിൽ എല്ലാ വിളകളുടേയും പ്രദർശനതോട്ടങ്ങൾ ആരംഭിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ പരമാവധി ഉത്പാദിപ്പിച്ച് വില്പന നടത്തുന്നതിനും ചെക്ക് ഡാമുകൾ, മത്സ്യകുളങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും പെരിയാറിന്റെ തീരം 850 മീറ്റർ സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും നടപ്പാത, ഫാം റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനും റെസ്റ്റോറന്റുകൾ, ട്രീ ഹൗസുകൾ എന്നിവ നിർമ്മിക്കുന്നതിനും ഫാം ഉത്പന്നങ്ങൾ വിൽക്കാൻ വിപുലമായ വിൽപ്പന കേന്ദ്രം നിർമ്മിക്കുന്നതിനും കർഷക പഠനകേന്ദ്രം, ക്വാർട്ടേഴ്സ്, മറ്റ് പ്രാഥമിക സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനും ലക്ഷ്യമിടുന്നു. |
| **സി)** ധാരാളം വിനോദസഞ്ചാരികൾ നിത്യേന സന്ദർശിക്കുന്ന നേര്യമംഗലം കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | **സി)** നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാവുന്ന മുറയ്ക്ക് 2019 ൽ തന്നെ ഫാം ടൂറിസം പദ്ധതി ആരംഭിക്കാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**